പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *291 — 21.12.2012 ൽ മറുപടിയ്ക്ക്

## കാർഷിക വിളകളുടെ ഉത്പാദനത്തിലെ കുറവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാലവർഷത്തിലെ താളപ്പിഴ സംസ്ഥാനത്തിന്റെ കാർഷിക മേഖലയെ ഏതെല്ലാം തരത്തിൽ ബാധിച്ചിട്ടുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) ഉണ്ട്.<br>കാലാവസ്ഥാ വ്യതിയാനങ്ങളായ മഴയുടെ കുറവ്, ഊഷ്മാവിലുള്ള വ്യതിയാനം, അന്തരീക്ഷ ഈർപ്പ വ്യത്യാസം എന്നിവ മൂലം വിളകളുടെ ഉത്പാദനത്തിൽ പ്രകടമായ കുറവ് ഉണ്ടായിട്ടുണ്ട്. പാലക്കാട് ജില്ലയിൽ കാലവർഷത്തിലെ താളപ്പിഴ മൂലം രണ്ടാം വിള നെൽകൃഷി ഉൽപ്പെടെയുള്ള വിളകൾ ഉണക്ക് ഭീഷണി നേരിട്ടു കൊണ്ടിരിക്കയാണ്. കാലവർഷസമയത്ത് മഴയുടെ കുറവുമൂലം ജില്ലയിലെ ജലസംഭരണികളിൽ മുപ്പത് ശതമാനത്തിൽ താഴെയാണ് ജലം സംഭരിക്കപ്പെട്ടിട്ടുള്ളത്. മഴയെ മാത്രം ആശ്രയിക്കുന്ന രണ്ടാം വിള നെൽകൃഷിയെ ഇത് പ്രതികൂലമായി ബാധിക്കും. |
| (ബി) ഏതെല്ലാം കാർഷിക വിളകളുടെ ഉത്പാദനത്തിലാണ് കുറവ് സംഭവിക്കാനിടയുള്ളതെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, കശുമാവ്, ജാതി, കുരുമുളക്, റബ്ബർ, പ്ലാവ്, മാവ്, കമുക്, തുടങ്ങിയ വിളകളുടെ ഉത്പാദനത്തിൽ കുറവ് സംഭവിക്കാനിടയുണ്ട്.<br><br>നെൽകൃഷിക്ക് കതിരുവരുന്ന സമയത്ത് വെള്ളമില്ലാത്ത അവസ്ഥ ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കും. ഡാമുകളിലെ ജലദൗർലഭ്യം മൂലം കനാൽവഴിയുള്ള വെള്ളം തുറന്നുവിടാൻ കഴിയുന്നില്ല. പാലക്കാട് ജില്ലയിൽ 54000/- ഹെക്ടർ വരുന്ന രണ്ടാം വിളനെൽകൃഷിക്ക് പ്രധാനമായും ജലസേചനത്തെ ആശ്രയിക്കുന്നതിനാൽ രണ്ടാം വിളയിൽ 30 ശതമാനം കുറവുണ്ടാകും.<br><br>ഒന്നാം വിളനെൽകൃഷിയുടെ വിസ്തൃതി ഗണ്യമായി കുറയുകയും രണ്ടാം വിള കൃഷി ജലദൗർലഭ്യം മൂലം താമസിച്ചാണ് കൃഷി ആരംഭിക്കാൻ കഴിഞ്ഞത്. |

(സി) സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഇത് എത്രത്തോളം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കാലാവസ്ഥാ വ്യതിയാനം മൂലം കാർഷിക വിളകൾക്കുണ്ടാകുന്ന ഉല്പാദനക്കുറവും കൃഷിയിടങ്ങളുടെ വിസ്തൃതി കുറയുന്നതും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ഭീമമായി ബാധിക്കും. നെല്ലിന്റെയും മറ്റ് വിളകളുടേയും (തെങ്ങ്, വാഴ, കുരുമുളക് തുടങ്ങിയവ) നിലവിലുള്ള ഉത്പാദനം കുറയുന്നതുമൂലം സംസ്ഥാനത്തിന്റെ ആവശ്യം നിറവേറ്റുന്നതിന് അയൽ സംസ്ഥാനങ്ങളെ ഇപ്പോഴുള്ളതിനേക്കാൾ കൂടുതലായി ആശ്രയിക്കേണ്ടിവരും. കാലവർഷത്തിന്റെ ദൗർലഭ്യം മൂലം സംസ്ഥാനത്തെ കാർഷികരംഗത്തുണ്ടായ നാശനഷ്ടങ്ങളെ സംബന്ധിച്ച് വിലയിരുത്തുകയും, 212.61 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുസരിച്ച് വരൾച്ചാ ദുരിതാശ്വാസമായി 55.861 കോടി രൂപ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

| ജില്ല | ആവശ്യപ്പെട്ട ദുരിതാശ്വാസ തുക |
|---|---|
| തിരുവനന്തപുരം | 18.161 |
| കൊല്ലം | 0.003 |
| ഇടുക്കി | 0.697 |
| വയനാട് | 37.000 |
| ആകെ | 55.861 കോടി രൂപ |

(ഡി) പ്രതികൂല സാഹചര്യത്തിലും കൃഷി ഇറക്കിയ പാലക്കാട്ടെ നെൽകർഷകരും അതുപോലെയുള്ളവരും നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ എന്ത് നടപടി എടുത്തിട്ടുണ്ട്; വിശദമാക്കാമോ?

(ഡി) പാലക്കാട് ജില്ലയിൽ പ്രതികൂല സാഹചര്യങ്ങൾ നേരിടുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. എല്ലാ കർഷകർക്കും മൂപ്പുകുറഞ്ഞ നെൽവിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യേണ്ടതാണെന്ന് കൃഷിഭവൻ മുഖേനയും മാദ്ധ്യമങ്ങളിലൂടെയും നിർദ്ദേശം നൽകിയിട്ടുണ്ട്.
2. ജലസേചന പദ്ധതികളിൽ വാലറ്റ പ്രദേശങ്ങളിലുള്ള കൃഷി സ്ഥലങ്ങളിൽ പയറുവർഗ്ഗങ്ങൾ, എള്ള് തുടങ്ങിയ ജലം കുറവുവേണ്ട വിളകൾ കൃഷി ചെയ്യാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.
3. പയർ വർഗ്ഗ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 500 ഹെക്ടർ സ്ഥലത്ത് സഹായധനം നൽകുന്നു.
4. ജല ലഭ്യത കുറവുള്ള സ്ഥലത്ത് ഭൂമി തരിശിടുന്നതൊഴിവാക്കി കർഷകർക്ക് വരുമാനം ലഭിക്കുന്നതിനായി ചോളം മുതലായ കൃഷി പ്രോത്സാഹിപ്പിക്കുന്നുണ്ട്.

5. കൃഷിയിറക്കുന്നവർ എല്ലാവരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.
6. പഞ്ചായത്ത് തലത്തിൽ കൃഷി ഓഫീസർ, ജലസേചന പദ്ധതികളുടെ എഞ്ചിനീയർമാർ വിളനിർണ്ണയസമിതി അംഗങ്ങൾ കർഷക പ്രതിനിധികൾ, ഇലക്ട്രിസിറ്റി ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ്മയിലുള്ള യോഗം സംഘടിപ്പിച്ച് കാലാവസ്ഥാ വ്യതിയാനത്തിൽ നിന്നും കൃഷിയെ സംരക്ഷിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുവാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

മറ്റു ജില്ലകളിൽ സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ ഇൻഷ്വറൻസ് പദ്ധതികളിൽ കർഷകരെ അംഗങ്ങളാക്കുന്നതിനുവേണ്ട പ്രചരണം കൃഷിഭവൻ വഴി നടപ്പിലാക്കിവരുന്നു.

സെക്ഷൻ ഓഫീസർ